**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

14.08.2017 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - **152**

## സൗജന്യ വൈ ഫൈ ലഭ്യമാക്കുന്ന പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. പി. ടി. തോമസ്**<br>**ശ്രീ. അടൂർ പ്രകാശ്** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ സൗജന്യ വൈ ഫൈ ലഭ്യമാക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ് ; വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്തെ 2000 കേന്ദ്രങ്ങളിൽ സൗജന്യ വൈ - ഫൈ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ ടെൻഡർ ക്ഷണിച്ചുകൊണ്ട് 31.07.2017ൽ വിജ്ഞാപനം പുറപ്പെടുവിച്ചു. 28.08.2017 ആണ് ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന തീയതി. ഇതിനോടനുബന്ധിച്ചുള്ള പ്രീ-ബിഡ് മീറ്റിംഗ് 07.08.2017 ൽ നടന്നിരുന്നു. |
| (ബി) ഏതൊക്കെ കമ്പനികളാണ് ഈ പദ്ധതിയുമായി സഹകരിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്; | (ബി) ബി.എസ്.എൻ.എൽ, എയർടെൽ, റിലയൻസ്, സിഫി, റെയിൽടെൽ, ടെൽഎക്സ്, ഏഷ്യാനെറ്റ് എന്നീ കമ്പനികൾ പദ്ധതിയുമായി സഹകരിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. |
| (സി) എത്ര എം.ബി. ഡേറ്റയാണ് സൗജന്യമായി ലഭ്യമാക്കുന്നത്; അധിക ഡേറ്റാ ഉപയോഗത്തിന് എത്ര തുക വാർഷിക ഫീസായി സേവനദാതാവിന് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) ഒരു വ്യക്തിക്ക് ഒരു ദിവസം 300 എം.ബി. വരെ ഡേറ്റയാണ് സൗജന്യമായി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത്. 300 എം.ബിയ്ക്കു മുകളിലും സർക്കാർ സേവനങ്ങൾക്ക് ഇന്റർനെറ്റ് സൗജന്യമായിരിക്കും. അധിക ഡേറ്റാ ഉപയോഗത്തിനുള്ള തുക സംബന്ധിച്ചുള്ള തീരുമാനം പിന്നീട് കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**